## പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2210** **08. 12. 2015 ൽ മറുപടിക്ക്**

**കെ.എസ്.ഇ.ബി ജീവനക്കാരുടെ വാഹന ആനുകൂല്യങ്ങൾ**

**ചോദ്യം**
ശ്രീ.കോലിയക്കോട് എൻ.കൃഷ്ണൻ നായർ

**ഉത്തരം**
ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) വൈദ്യുതി തകരാറുകളും ഉപഭോക്താക്കളുടെ പരാതികളും പരിഹരിക്കുന്നതിന് കെ.എസ്.ഇ.ബി. ജീവനക്കാർ അവരുടെ സ്വന്തം വാഹനങ്ങളിലാണ് ഫീൽഡിൽ പോകുന്നതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ചെലവിലേക്കായി ബോർഡിൽ നിന്നും നല്കി വരുന്ന ആനുകൂല്യങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (എ) മോഡൽ സെക്ഷൻ സംവിധാനം കേരളത്തിലെ എല്ലാ സെക്ഷൻ ഓഫീസുകളിലേക്കും വ്യാപിപ്പിച്ചതിനെ തുടർന്ന് എല്ലാ സെക്ഷൻ ഓഫീസുകളിലും വാഹനസൗകര്യം ലഭ്യമാക്കിയിട്ടുണ്ട്. ഇതിനു പുറമേ അത്യാവശ്യ സന്ദർഭങ്ങളിൽ ജീവനക്കാർ തങ്ങളുടെ സ്വകാര്യ വാഹനങ്ങളും ഔദ്യോഗിക ആവശ്യങ്ങൾക്ക് ഉപയോഗിക്കാറുണ്ട്.<br>2011-ലെ ദീർഘകാല കരാറിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ പ്രകാരം ഡിസ്ട്രിബ്യൂഷൻ സെക്ഷൻ ഓഫീസുകളിൽ ജോലി ചെയ്തുവരുന്ന ഇലക്ട്രിസിറ്റി വർക്കർമാർക്കും, വർക്ക്മെൻ കാറ്റഗറിയിൽപെടുന്ന മീറ്റർ റീഡർ ഉൾപ്പെടെയുള്ള എക്സിക്യൂട്ടീവ് സ്റ്റാഫുകൾക്കും റീജണൽ ആഡിറ്റ് ഓഫീസിൽ പ്രവർത്തിക്കുന്ന സീനിയർ അസിസ്റ്റൻറുമാർക്കും, സിസ്ററം സൂപ്പർവൈസർമാർക്കും പ്രതിമാസം 300/- രൂപാ നിരക്കിൽ കൺവയൻസ് അലവൻസ് മാനദണ്ഡങ്ങൾക്ക് വിധേയമായി അനുവദിച്ചു വരുന്നു. കൂടാതെ കായൽ അലവൻസിന് അർഹതയുള്ളവർക്കും ടി ആനുകൂല്യം ലഭ്യമാണ്. ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസിൽ പ്രവർത്തിച്ചുവരുന്ന ബ്രേക്ക് ഡൗൺ വിങ്ങിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് 350/- രൂപാ നിരക്കിൽ പ്രസ്തുത ആനുകൂല്യം അനുവദിച്ചു വരുന്നു. |

| | |
|---|---|
| (ബി) ഇത്തരത്തിൽ നല്കി വരുന്ന ആനുകൂല്യങ്ങൾ പര്യാപ്തമാണോ; ഇല്ലെങ്കിൽ ഇത് വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (ബി) കാലാകാലങ്ങളിൽ അംഗീകൃത തൊഴിലാളി സംഘടനകളുമായി ചർച്ച ചെയ്ത് സമവായത്തിലെത്തി ഗവൺമെന്റ് അംഗീകാരത്തോടു കൂടി വൈദ്യുതി ബോർഡ് ലിമിറ്റഡിൽ നടപ്പിലാക്കി വരുന്ന ദീർഘകാല കരാറുകളിലെ വ്യവസ്ഥകൾ പ്രകാരമാണ് കൺവയൻസ് അലവൻസ് ഉൾപ്പെടെയുള്ള അലവൻസുകളിൽ വർദ്ധനവ് വരുത്തുന്നത്. ജീവനക്കാർക്ക് ഇപ്പോൾ നൽകിവരുന്ന കൺവയൻസ് അലവൻസ് അപര്യാപ്തമാണെന്ന പരാതി നിലവിൽ വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെയോ സർക്കാരിന്റെയോ പരിഗണനയിൽ വന്നിട്ടില്ല. |
| (സി) പ്രസ്തുത ആവശ്യത്തിലേക്കായി ഉപയോഗിക്കുന്ന ജീവനക്കാരുടെ സ്വകാര്യ ടൂവീലറുകളിലും മറ്റു വാഹനങ്ങളിലും കെ.എസ്.ഇ.ബി. എന്ന് ആലേഖനം ചെയ്ത ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള അനുവാദം ജീവനക്കാർക്ക് നൽകുമോ? | (സി) ഇല്ല<br>സ്വകാര്യ വാഹനങ്ങളിൽ കെ.എസ്.ഇ.ബി.ലിമിറ്റഡ് എന്ന് ആലേഖനം ചെയ്ത ബോർഡുകൾ സ്ഥാപിക്കുന്നതിന് അനുവാദം നല്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ